17D

# കേരള സർക്കാർ

സംഗ്രഹം

പൊതുഭരണ വകുപ്പ്—വിവരാവകാശ നിയമം, 2005 പ്രകാരം വിവരങ്ങൾ ലഭിക്കുന്നതിന്, ഫീസ് ഒടുക്കുന്നതിനുള്ള രീതികൾ വിപുലീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതുഭരണ (ഏകോപന) വകുപ്പ്

സ. ഉ. (സാധാ) നം. 2383/06/പൊ.ഭ.വ. — *തിരുവനന്തപുരം, 2006 ഏപ്രിൽ 1.*

---

പരാമർശം:—1. 10-10-2005-ലെ ജി.ഒ. (പി) നമ്പർ 367/2005/പൊ.ഭ.വ. നമ്പർ ഉത്തരവ്.

2. 19-10-2005-ലെ സ.ഉ. (സാധാ) 8026/2005/പൊ.ഭ.വ. നമ്പർ ഉത്തരവ്.

3. 7-2-2006-ലെ സ.ഉ. (സാധാ) 1017/2006/പൊ.ഭ.വ. നമ്പർ ഉത്തരവ്.

## ഉത്തരവ്

വിവരാവകാശ ചട്ട പ്രകാരമുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഫീസ് TR. 5 മുഖേനയോ, "0070-other administrative services-60 other services-800 other receipts-42 other items" എന്ന അക്കൗണ്ട് ഹെഡ്ഡിൽ ട്രഷറി ചെലാൻ മുഖേനയോ ഒടുക്കാനുള്ള സൗകര്യം നിലവിലുണ്ട്. കേന്ദ്ര സർക്കാരും മറ്റു ചില സംസ്ഥാന സർക്കാരുകളും വിവരാവകാശ ചട്ടപ്രകാരം വിവരങ്ങൾ ലഭിക്കുന്നതിന് ഒടുക്കേണ്ട ഫീസ്, ട്രഷറി ചെലാനു പുറമേ, ഡിമാന്റ് ഡ്രാഫ്റ്റ്, ബാങ്കേഴ്സ് ചെക്ക്, പേ ഓർഡർ, കോർട്ട് ഫീ സ്റ്റാമ്പ് എന്നിവ മുഖേനയും ഒടുക്കാനുള്ള അവസരം പൊതുജനങ്ങൾക്ക് നൽകുന്നുണ്ട്. ഭരണ നിർവ്വഹണത്തിൽ പരമാവധി സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ രൂപം കൊടുത്തിട്ടുള്ള ചട്ടത്തിലെ നടപടിക്രമങ്ങൾ ഓരോന്നും ഏറ്റവും ലളിതവും സൗകര്യപ്രദവുമായിരിക്കണമെന്ന് സർക്കാർ കരുതുന്നു. അതിനാൽ വിവരാവകാശ ചട്ടപ്രകാരമുള്ള ഫീസ് ഒടുക്കുന്നതിനുള്ള രീതികൾ താഴെപ്പറയും പ്രകാരം വിപുലീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു:

1. ചട്ടത്തിലെ വകുപ്പ് 6 (1) പ്രകാരം അപേക്ഷയോടൊപ്പം ഒടുക്കേണ്ട ഫീസ് (പത്ത് രൂപ) നിലവിലുള്ള TR. 5, ട്രഷറി ചെലാൻ എന്നിവയ്ക്ക് പുറമേ കോർട്ട് ഫീ സ്റ്റാമ്പ്/ഡിമാന്റ് ഡ്രാഫ്റ്റ്/ബാങ്കേഴ്സ് ചെക്ക്/പേ ഓർഡർ എന്നിവ മുഖേനയും ഒടുക്കാവുന്നതാണ്.

2. ചട്ടത്തിലെ വകുപ്പ് 7(1), 7(5) പ്രകാരം വിവരങ്ങൾ ലഭ്യമാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഫീസ്, നിലവിലുള്ള TR. 5, ട്രഷറി ചെലാൻ, എന്നിവയ്ക്ക് പുറമേ ഡിമാന്റ് ഡ്രാഫ്റ്റ്/ബാങ്കേഴ്സ് ചെക്ക്/പേ ഓർഡർ എന്നിവ മുഖേനയും ഒടുക്കാവുന്നതാണ്.

3. ഡിമാന്റ് ഡ്രാഫ്റ്റ്/ബാങ്കേഴ്സ് ചെക്ക്/പേ ഓർഡർ എന്നിവ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി സ്ഥാനനിർദ്ദേശം ചെയ്തിട്ടുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക നാമത്തിലായിരിക്കണം എടുക്കേണ്ടത്. (ഉദാഹരണത്തിന് പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയെ ആ വകുപ്പിന്റെ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറായി സ്ഥാനനിർദ്ദേശം ചെയ്തിട്ടുള്ളപക്ഷം, അദ്ദേഹത്തിൽനിന്നും വിവരങ്ങൾ ലഭിക്കുന്നതിന്, അഡീഷണൽ സെക്രട്ടറി പൊതുഭരണ വകുപ്പ് എന്ന പേരിലായിരിക്കണം ഡി.ഡി./ചെക്ക് എന്നിവ എടുക്കേണ്ടത്).

4. ഡിമാന്റ് ഡ്രാഫ്റ്റ്, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ കാര്യാലയം സ്ഥിതിചെയ്യുന്ന സ്ഥലത്തുള്ള ദേശസാൽകൃത ബാങ്ക് ശാഖകളിൽ നിന്നും മാറാവുന്നവിധമായിരിക്കണം എടുക്കേണ്ടത്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ഇ. കെ. ഭരത് ഭൂഷൺ,**
*പ്രിൻസിപ്പൽ സെക്രട്ടറി.*